**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 1608** **03.10. 2011-ൽ മറുപടിക്ക്.**

**മലബാർ മേഖലയിലെ അഗ്നിശമന സേനയുടെ എൻ. ഒ. സി. കമ്മിറ്റി**

ചോദ്യം

ശ്രീ. എ. കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

മറുപടി

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) കാസർഗോഡ് മുതൽ പാലക്കാട് വരെ മലബാർ മേഖലയിലെ ഏഴുജില്ലകളിൽ ഉള്ളവർക്ക് റസിഡൻഷ്യൽ കെട്ടിടങ്ങൾക്കും വാണിജ്യ-കെട്ടിടങ്ങൾക്കും അഗ്നി ശമന സേനയുടെ എൻ.ഒ.സി. നൽകുന്നതിനായി ഫയർ അക്കാഡമിയുടെ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായി തൃശ്ശൂർ ആസ്ഥാനമായി രൂപീകരിച്ച കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) പ്രസ്തുത കമ്മിറ്റി പിരിച്ചു വിടാൻ കാരണമെന്താണ് ; കമ്മിറ്റി പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

: (എ) & (ബി)

നിലവിലില്ല. വിയ്യൂർ ആസ്ഥാനമായ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ട്രെയിനിംഗ് അക്കാഡമിയിലെ വർദ്ധിച്ച ട്രെയിനിംഗ് ചുമതലയും, ഈ വർഷം തുടങ്ങേണ്ട സിവിൽ ഡിഫൻസ് അക്കാഡമിയിലെ സ്ഥലമെടുപ്പും നിർമ്മാണവും സംബന്ധിച്ച അധിക ചുമതലയും വന്നതുമൂലം ട്രെയിനിംഗ് അക്കാഡമി ഡെപ്യൂട്ടി ഡയറക്ടറെ എൻ.ഒ.സി. സ്ക്രൂട്ടിനി ചുമതലയിൽ നിന്നും മാറ്റി പകരം കോഴിക്കോട്, പാലക്കാട് എന്നീ ഡിവിഷണൽ ഓഫീസുകളിലെ ഡിവിഷണൽ ഓഫീസർമാരും ബന്ധപ്പെട്ട അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർമാരും ഉൾപ്പെടുന്ന സ്ക്രൂട്ടിനി കമ്മിറ്റികളാണ് ഇപ്പോൾ കാസർഗോഡ് മുതൽ തൃശ്ശൂർ വരെയുള്ള ഫയർ എൻ.ഒ.സി.കൾ പരിശോധിക്കുന്നത്. കോഴിക്കോട് ഡിവിഷനിലേയ്ക്ക് കോഴിക്കോടും പാലക്കാട് ഡിവിഷനിലേയ്ക്ക് പാലക്കാട്ടും വച്ച് സ്ക്രൂട്ടിനി കമ്മിറ്റി നടക്കുന്നത് അതാത് മേഖലകളിലെ അപേക്ഷകർക്ക് കൂടുതൽ സൗകര്യപ്രദമാണ്. ആയത് സംബന്ധിച്ച് കെട്ടിട നിർമ്മാണ അപേക്ഷകരിൽ നിന്നും യാതൊരു പരാതിയും ലഭിച്ചിട്ടില്ല. ആയതിനാൽ കമ്മിറ്റി പുനഃസ്ഥാപിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ